REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-03-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് പ്രചാരണം ആവേശച്ചൂടിലേക്ക്. മുന്നണികൾ പ്രകടനപത്രികയ്ക്ക് രൂപം നൽകാൻ ഒരുക്കം തുടങ്ങി.**
- **സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പിന് ചിഹ്നങ്ങൾ അനുവദിച്ചതോടെ മുന്നണികളും സ്ഥാനാർത്ഥികളും പ്രചാരണം കൂടുതൽ സജീവമാക്കി.**
- **പശ്ചിമേഷ്യൻ സംഘർഷം തുടരുന്ന സാഹചര്യത്തിൽ, പാചക വാതക വിതരണമടക്കം വിഷയങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി മുഖ്യമന്ത്രിമാരുമായി വീഡിയോ കോൺഫറൻസിലൂടെ ഇന്ന് ചർച്ച നടത്തും.**
- **കേന്ദ്ര ഗവണ്മെന്റ് പെട്രോളിന്റെയും ഡീസലിന്റെയും കേന്ദ്ര എക്സൈസ് തീരുവ ലിറ്ററിന് 10 രൂപ കുറച്ചു.**
- **IPL ക്രിക്കറ്റിലെ ആദ്യഘട്ട മത്സരങ്ങൾക്ക് നാളെ ബെംഗളൂരുവിൽ തുടക്കം**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പിന് ചിഹ്നങ്ങൾ അനുവദിച്ചതോടെ മുന്നണികളും സ്ഥാനാർത്ഥികളും പ്രചാരണം കൂടുതൽ സജീവമാക്കി. മറ്റന്നാൾ പ്രധാനമന്ത്രി നരേന്ദ്രമോദി NDA തെരഞ്ഞെടുപ്പ് പ്രചാരണത്തിന് പാലക്കാട്ടും തൃശൂരും എത്തുന്നതോടെ മുന്നണിയുടെ പ്രവർത്തനങ്ങൾക്ക് വേഗം കൂടുമെന്നാണ് കരുതുന്നത്. 29-ന് പാലക്കാട്ട് റാലിയിലും തൃശൂരിൽ റോഡ് ഷോയിലുമാണ് പ്രധാനമന്ത്രി പങ്കെടുക്കുക.

രണ്ടാം ഘട്ട പ്രചാരണത്തിന് നരേന്ദ്രമോദി അടുത്ത മാസം നാലിന് പാലായിലും തിരുവനന്തപുരത്തുമെത്തും. പാലാ, പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി, വൈക്കം മണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പ് റാലിയാണ് പാലായിൽ സംഘടിപ്പിക്കുന്നത്. തിരുവനന്തപുരത്ത് പ്രധാനമന്ത്രിയുടെ റോഡ് ഷോയും ഉണ്ടാകും.

കേന്ദ്ര ആഭ്യന്തരമന്ത്രിയും മുതിർന്ന BJP നേതാവുമായ അമിത് ഷാ ഈ മാസം 31-ന് തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കും. ഇതുകൂടാതെ ഏപ്രിൽ ആദ്യവാരം ഹരിപ്പാട്, തൃപ്പൂണിത്തുറ, കോഴിക്കോട്, തലശ്ശേരി എന്നിവിടങ്ങളിലും അമിത് ഷാ പ്രസംഗിക്കും.

BJP ദേശീയ അധ്യക്ഷൻ നിതിൻ നബീൻ, കേന്ദ്രമന്ത്രിമാരായ നിതിൻ ഗഡ്കരി, രാജ്നാഥ് സിംഗ്, ഡോ.എസ് ജയശങ്കർ, തുടങ്ങിയവരും NDA തെരഞ്ഞെടുപ്പ് യോഗങ്ങളിൽ സംസാരിക്കും.

✪✪✪

LDF ന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ ഏപ്രിൽ രണ്ടിന് കോഴിക്കോട് ജില്ലയിലെത്തും. കടപ്പുറത്ത് വൈകിട്ട് അഞ്ചിന് പൊതുസമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും. ജില്ലയിലെ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ CPIM അഖിലേന്ത്യാ സെക്രട്ടറി MA ബേബി, PB അംഗങ്ങളായ പ്രകാശ് കാരാട്ട്, ബൃന്ദാ കാരാട്ട് എന്നിവരും പങ്കെടുക്കും. കൂടാതെ തേജസ്വി യാദവ്, ബിനോയ് വിശ്വം, തുടങ്ങിയ നേതാക്കളും തിരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ പ്രസംഗിക്കും.

✪✪✪

സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് പ്രചാരണം ആവേശച്ചൂടിലേക്ക് എത്തിയതോടെ വോട്ടർമാരുടെ മനസ് കീഴടക്കാൻ മുന്നണികൾ പ്രകടനപത്രികയ്ക്ക് രൂപം നൽകാൻ ഒരുക്കം തുടങ്ങി. LDF ന്റെയും UDFന്റെയും പ്രകടന പത്രിക അടുത്തയാഴ്ച പുറത്തിറങ്ങും. CPIM നേതാവും മുൻ ധനമന്ത്രിയുമായ ഡോ. T.M.തോമസ് ഐസക്കിന്റെ നേതൃത്വത്തിലാണ് LDF പ്രകടന പത്രിക തയ്യാറാക്കുന്നത്. ഇന്നലെ ഐസക്കിന്റെ നേതൃത്വത്തിൽ പത്രികാ സമിതിക്ക് അന്തിമരൂപം നൽകി.

UDF ന്റെ പ്രകടനപത്രികാ സമിതിയുടെ അധ്യക്ഷൻ ബെന്നി ബഹ്നാൻ ആണ്. പത്രികയുടെ അവസാന മിനുക്കുപണിയിലാണ് ചുമതലക്കാർ. രാഹുൽഗാന്ധി പ്രഖ്യാപിച്ച ക്ഷേമ പദ്ധതികൾക്ക് മുൻതൂക്കം നൽകിയാണ് UDF പ്രകടനപത്രിക തയ്യാറാക്കുന്നത്.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വികസന അജണ്ടകൾക്ക് പ്രാമുഖ്യം നൽകിയാണ് NDA മുന്നണി പ്രകടനപത്രികയ്ക്ക് രൂപം നൽകുക. LDF-

ന്റെയും UDFന്റെയും നയസമീപനങ്ങളിലെ വീഴ്ചകളെ തുറന്നു കാട്ടുന്നതായിരിക്കും NDA പ്രകടനപത്രിക.

✪✪✪

ഏത് മാർഗ്ഗത്തിലൂടെയും അധികാരം നിലനിർത്താനാണ് മുഖ്യമന്ത്രി പിണറായി വിജയന്റെ ശ്രമമെന്ന് മുസ്ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി PMA സലാം പറഞ്ഞു. തൊടുപുഴയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വേങ്ങര, മഞ്ചേശ്വരം മണ്ഡലങ്ങളിൽ CPIM - SDPI സഹകരണം നിലനിൽക്കുന്നുണ്ടെന്നും സലാം ആരോപിച്ചു.

✪✪✪

ഇടതു ഗവൺമെന്റിനെ താഴെയിറക്കാൻ ജനം കാത്തിരിക്കുകയാണെന്ന് മുൻ KPCC പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. നാദാപുരം നിയോജകമണ്ഡലം UDF തെരഞ്ഞെടുപ്പ് പര്യടന പരിപാടി മരുതോങ്കരയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെ സാഹചര്യത്തിൽ അനധികൃത സാധനങ്ങൾ, മയക്കുമരുന്ന്, സ്വർണം, വിദേശ കറൻസി, വനം-വന്യജീവി ഉല്പന്നങ്ങൾ എന്നിവയുടെ കടത്തുമായി ബന്ധപ്പെട്ട വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രത്യേക ഹെൽപ്പ് ലൈൻ നമ്പറിൽ അറിയിക്കണമെന്ന് റവന്യൂ ഇന്റലിജൻസ് ഡയറക്ടറേറ്റ് ജനങ്ങളോട് അഭ്യർത്ഥിച്ചു.

സമ്മതിദായകർക്കിടയിൽ അവബോധം വളർത്തി പ്രവർത്തനങ്ങളിൽ സജീവ ജനപങ്കാളിത്തം പ്രോത്സാഹിപ്പിക്കാനും, തിരഞ്ഞെടുപ്പിന്റെ വിശ്വാസ്യത തകർക്കുന്ന തെറ്റായ നടപടികൾ തടയാനുമാണ് ഡയറക്ടറേറ്റ് പൊതു അറിയിപ്പിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിൽ ഹരിതചട്ടം പാലിക്കാൻ ബ്ലോക്ക് തല നോഡൽ ഓഫീസർമാർ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, യങ് പ്രൊഫഷണലുകൾ എന്നിവർക്ക് കണ്ണൂർ ജില്ലാ ശുചിത്വ മിഷൻ, പരിശീലന ക്ലാസുകൾ പൂർത്തിയാക്കി. ഫ്ലക്സ് പ്രിന്റിങ്ങിന് പോളിൻ മെറ്റീരിയലുകൾ മാത്രം ഉപയോഗിക്കാൻ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. Q.R

കോഡില്ലാത്ത ബോർഡുകൾ പിടിച്ചെടുത്ത് 10,000 രൂപ പിഴ ഈടാക്കുമെന്ന് ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ അറിയിച്ചു.

✪✪✪

തെരഞ്ഞെടുപ്പിൽ യുവാക്കളെ കൂടുതലായി പോളിങ് ബൂത്തിലെത്തിക്കാൻ തെരഞ്ഞെടുപ്പു കമ്മീഷൻ കൂടുതൽ നടപടികൾ സ്വീകരിച്ചു.

തിരുവനന്തപുരത്ത് നിന്ന് സ്മിതി എം പള്ളുരുത്തി.....

...........(വോയ്സ് ).........

✪✪✪

തിരഞ്ഞെടുപ്പ് പോളിംഗ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ച ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ ബാലറ്റിന് മറ്റന്നാൾ വരെ അപേക്ഷിക്കാം. തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലെ ഉദ്യോഗസ്ഥരുടെ പരിശീലനത്തിന് നിശ്ചയിക്കപ്പെട്ട കേന്ദ്രങ്ങളിൽ സജ്ജമാക്കിയ കളക്ഷൻ സെന്ററുകളിൽ, രാവിലെ പത്തു മുതൽ വൈകിട്ട് അഞ്ച് വരെ ഫോം -12 മുഖേനയാണ് അപേക്ഷിക്കേണ്ടത്.

✪✪✪

പശ്ചിമേഷ്യൻ സംഘർഷം തുടരുന്ന സാഹചര്യത്തിൽ, പാചക വാതക വിതരണമടക്കം വിഷയങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി മുഖ്യമന്ത്രിമാരുമായി വീഡിയോ കോൺഫറൻസിലൂടെ ഇന്ന് ചർച്ച നടത്തും. സംസ്ഥാനങ്ങൾ സ്വീകരിക്കേണ്ട പരിഹാര നടപടികൾ യോഗത്തിൽ ചർച്ചയാകും. തിരഞ്ഞെടുപ്പ് നടക്കുന്ന കേരളമടക്കം സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ യോഗത്തിൽ പങ്കെടുക്കില്ല.

✪✪✪

കേന്ദ്ര ഗവണ്മെന്റ് പെട്രോളിന്റെയും ഡീസലിന്റെയും കേന്ദ്ര എക്സൈസ് തീരുവ ലിറ്ററിന് 10 രൂപ കുറച്ചു. പശ്ചിമേഷ്യൻ പ്രതിസന്ധി കണക്കിലെടുത്താണ് തീരുമാനമെന്നും, വിലക്കയറ്റത്തിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കാൻ ഈ നീക്കം സഹായിക്കുമെന്നും ധനമന്ത്രി നിർമ്മല സീതാരാമൻ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഡീസൽ കയറ്റുമതിയ്ക്ക് ലിറ്ററിന് 21 രൂപ 50 പൈസയും, വ്യോമയാന ഇന്ധനത്തിന് 29 രൂപ 50 പൈസയും തീരുവ ഉയർത്തിയിട്ടുണ്ട്. ആഭ്യന്തര ഉപയോഗത്തിൽ ലഭ്യത ഉറപ്പാക്കാനാണ് നടപടിയെന്ന് നിർമ്മലാ സീതാരാമൻ വിശദീകരിച്ചു.

ഇന്ധനങ്ങളുടെ എക്സൈസ് തീരുവ കുറച്ചത് സാധാരണക്കാരുടെ മേൽ സാമ്പത്തിക ഭാരം വരാതിരിക്കാനാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു. ഇത് മുമ്പ് ഉണ്ടാകാത്ത നടപടിയാണെന്ന് അദ്ദേഹം ഡൽഹിയിൽ മാധ്യമപ്രവർത്തകരെ അറിയിച്ചു. ജനപ്രതിനിധികളെന്ന നിലയിൽ MP മാർ, പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നടപടിയെ സ്വാഗതം ചെയ്യുമെന്നും കിരൺ റിജിജു വിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

രാജ്യത്ത് ലോക്ഡൗൺ പ്രഖ്യാപിക്കുമെന്ന അഭ്യൂഹങ്ങൾ പൂർണമായും തെറ്റാണെന്ന് കേന്ദ്രമന്ത്രി ഹർദ്ദീപ് സിംഗ് പുരി അറിയിച്ചു. അത്തരമൊരു നിർദ്ദേശം കേന്ദ്രഗവണ്മെന്റിന്റെ പരിഗണനയിലില്ലെന്നും അദ്ദേഹം വ്യക്തമാക്കി. പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് ആഗോളരംഗത്തെ സ്ഥിതിഗതിയും, ഊർജ്ജം, അവശ്യവസ്തുക്കളുടെ ലഭ്യത, വിതരണത്തിലെ തടസ്സങ്ങൾ എന്നിവയും സസൂക്ഷ്മമമായി നിരീക്ഷിച്ചുവരികയാണെന്ന് ഹർദ്ദീപ് സിംഗ് പുരി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഇന്ധനമുൾപ്പെടെ അവശ്യ വസ്തുക്കളുടെ ലഭ്യത ജനങ്ങൾക്ക് ആവശ്യാനുസരണം ഉറപ്പാക്കുന്നതിന് എല്ലാ നടപടിയും കേന്ദ്രഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി അറിയിച്ചു.

✪✪✪

ഇന്ധനങ്ങളുടെ എക്സൈസ് തീരുവ കേന്ദ്രം മൂന്ന് രൂപയാക്കി കുറച്ചതുപോലെ സംസ്ഥാനവും നികുതി കുറക്കണമെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ ആവശ്യപ്പെട്ടു. തിരഞ്ഞെടുപ്പ് ജയം നേടാൻ ഇടതുമുന്നണി എല്ലാ അടവുകളും പയറ്റുകയാണെന്ന് രാജീവ് ചന്ദ്രശേഖർ തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി.

✪✪✪

IPL ക്രിക്കറ്റിലെ ആദ്യഘട്ട മത്സരങ്ങൾക്ക് നാളെ ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ തുടക്കമാകും. ആദ്യമത്സരത്തിൽ റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരു, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും - വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് പലയിടത്തും ഉയർന്ന താപനില അനുഭവപ്പെടുന്നതിനിടെ, ഇന്ന് 11 ജില്ലകളിലെ ചിലയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെ ജില്ലകളിലാണ് മഴ സാധ്യത. നാളെ എല്ലാ ജില്ലകളിലും ചിലയിടങ്ങളിൽ നേരിയ

മഴ ഉണ്ടായേക്കുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം. ഞായർ, തിങ്കൾ ദിവസങ്ങളിലും ഇതേ നില തുടരും.

സംസ്ഥാന വ്യാപകമായി താപനില വർധിക്കുകയാണ്. ഇന്ന് കൊല്ലം, കോട്ടയം, പാലക്കാട് ജില്ലകളിൽ പകൽ താപനില 38 ഡിഗ്രി വരെ ഉയർന്നേക്കാം. മറ്റു ജില്ലകളിലും താപനില സാധാരണയേക്കാൾ രണ്ടു മുതൽ മൂന്നു ഡിഗ്രി വരെ വർധിക്കാനാണ് സാധ്യത.

✪✪✪

കൊടുങ്ങല്ലൂർ ശ്രീകുരുംബ ക്ഷേത്രത്തിൽ അശ്വതികാവ് തീണ്ടലിന് അടച്ച ക്ഷേത്രനട നാളെ തുറക്കും. പതിവ് ദിവസങ്ങളിലെ തിരുവാഭരണം കൂടാതെ വിശേഷ ദിവസങ്ങളിലെ തിരുവാഭരണം ധരിച്ച് ആയിരിക്കും ദർശനം. കൊടിയേറ്റം മുതൽ നിർത്തിയിരുന്ന ഗുരുതി നാളെ പുനഃരാരംഭിക്കും.

✪✪✪

ഇന്ന് ലോക നാടക ദിനം. 1961 ൽ ഇന്റർനാഷണൽ തിയറ്റർ ഇൻസ്റ്റിറ്റ്യൂട്ടാണ് മാർച്ച് 27-ന് ലോക നാടക ദിനം ആചരിച്ചു തുടങ്ങിയത്. നാടകകലകളുടെ സൗന്ദര്യം, പ്രാധാന്യം എന്നിവയെക്കുറിച്ചും, വിനോദ വ്യവസായത്തിൽ നാടകം വഹിക്കുന്ന പങ്കിനെക്കുറിച്ചും ജനങ്ങളിൽ അവബോധമുണ്ടാക്കുകയാണ് ദിനാചരണ ലക്ഷ്യം.

"നാടകവും സമാധാന സംസ്കാരവും" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

ലോക നാടക ദിനത്തോടനുബന്ധിച്ച് കരിവെള്ളൂർ ഭഗത് സിംഗ് സംവാദവേദിയുടെ നേതൃത്വത്തിൽ വൈകിട്ട് "നാടകക്കാരൻ" എന്ന പേരിൽ സംവാദം സംഘടിപ്പിക്കും. കരിവെള്ളൂരിലെ കാൻഫെഡ് ഓഫീസിലാണ് പരിപാടി.

✪✪✪

---

*ews Editor വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*News Team: അനിൽ ചന്ദ്രൻ, സബിത കെ*
*DEO : ഷീബ*